പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2393

12.06.2018 - ൽ മറുപടിക്ക്.

## വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷാസംവിധാനം

ചോദ്യം
ശ്രീ. ഹൈബി ഈഡൻ.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷാസംവിധാനം ഒരുക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അപകടങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ എത്ര തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

(എ) & (സി) : ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കായി 1948-ലെ ഫാക്ടറി നിയമത്തിൽ വിവിധ തരത്തിലുള്ള സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത നിയമത്തിലെ നിർദ്ദേശങ്ങൾ ഫാക്ടറി മാനേജ്മെന്റ് നടപ്പാക്കുന്നുണ്ടോ എന്ന് ഡിവിഷണൽ ഫാക്ടറി ഇൻസ്പെക്ടർമാർ യഥാസമയം ഫാക്ടറിയിൽ എത്തി പരിശോധന നടത്തി ഉറപ്പു വരുത്തുന്നു. പ്രസ്തുത നിർദ്ദേശം നടപ്പാക്കാത്ത ഫാക്ടറികൾക്കെതിരെ ഫാക്ടറി നിയമ പ്രകാരം കേസ് എടുക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 66 പ്രോസിക്യൂഷൻ കേസുകൾ വിവിധ മജിസ്ട്രേറ്റ് കോടതികളിൽ ഫാക്ടറി മാനേജ്മെന്റിനെതിരായി ഫയൽ ചെയ്തു. അതീവ അപകട സാധ്യതയുള്ള ഫാക്ടറികളിൽ വർഷം തോറും സുരക്ഷാ ഓഡിറ്റ് (ഇന്റേണൽ-എക്സ്റ്റേണൽ) നടത്തുന്നുണ്ട്. മാത്രമല്ല ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ മേഖല പരിശീലന കേന്ദ്രങ്ങൾ വഴിയും മൊബൈൽ പരിശീലന വാഹനമായ *സുരക്ഷാരഥം* ഉപയോഗിച്ച് നേരിട്ട് ഫാക്ടറികളിൽ എത്തിയും തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും ഉടമകൾക്കും നിർമ്മാണ പ്രക്രിയയ്ക്ക് അനുസൃതമായ തൊഴിൽ ആരോഗ്യ സുരക്ഷിത അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

(ബി) : ഉണ്ടായിട്ടുണ്ട്.
ഇതിൽ 55 തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

കെ/12/06